പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 167

# 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 167

# 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

709/2023.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 167

# 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്റ്റ്, അത് കേരള സംസ്ഥാനത്തെ ബാധിക്കുന്നിടത്തോളം, വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്റ്റ്, അത് കേരള സംസ്ഥാനത്തെ ബാധിക്കുന്നിടത്തോളം, താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. I-ാം പട്ടികയ്ക്ക് പകരം പുതിയ പട്ടിക ചേർക്കൽ.—1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്റ്റിലെ (1932-ലെ 9-ാം കേന്ദ്ര ആക്റ്റ്), I-ാം പട്ടികയ്ക്ക് പകരം, താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

“പട്ടിക I

പരമാവധി ഫീസ്

[71-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കാണുക]

| ഫീസ് കൊടുക്കേണ്ടത് ഏതു രേഖയേയോ കൃത്യത്തേയോ സംബന്ധിച്ചാണെന്ന് | പരമാവധി ഫീസ് |
|---|---|
| (1) | (2) |
| 58-ാം വകുപ്പിൻ കീഴിലുള്ള പ്രസ്താവന | രണ്ടായിരം രൂപ |
| 60-ാം വകുപ്പിൻ കീഴിലുള്ള പ്രസ്താവന | ആയിരം രൂപ |
| 61-ാം വകുപ്പിൻ കീഴിലുള്ള അറിയിപ്പ് | ആയിരം രൂപ |
| 62-ാം വകുപ്പിൻ കീഴിലുള്ള അറിയിപ്പ് | ആയിരം രൂപ |
| 63-ാം വകുപ്പിൻ കീഴിലുള്ള നോട്ടീസ് | ആയിരം രൂപ |
| 64-ാം വകുപ്പിൻ കീഴിലുള്ള അപേക്ഷ | ആയിരം രൂപ |
| 66-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഫേമുകളുടെ രജിസ്റ്ററിന്റെ പരിശോധനയ്ക്ക് | രജിസ്റ്ററിന്റെ ഒരു വാല്യം പരിശോധിക്കുന്നതിന് അഞ്ചൂറ് രൂപ |
| 66-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു ഫേമിനെ സംബന്ധിക്കുന്ന രേഖകളുടെ പരിശോധനയ്ക്ക് | ഒരു ഫേമിനെ സംബന്ധിക്കുന്ന എല്ലാ രേഖകളും പരിശോധിക്കുന്നതിന് ആയിരംരൂപ |
| ഫേമുകളുടെ രജിസ്റ്ററിൽ നിന്നുള്ള പകർപ്പുകൾ | ഓരോ പകർപ്പിനും ആയിരം രൂപ.”. |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്റ്റിന്റെ (1932-ലെ 9-ാം കേന്ദ്ര ആക്റ്റ്) I-ാം പട്ടികയിൽ പ്രസ്തുത ആക്റ്റ് പ്രകാരമുള്ള വിവിധ രേഖകളെ സംബന്ധിച്ച് കൊടുക്കേണ്ടതായ പരമാവധി ഫീസ് വിഭാവനം ചെയ്യുന്നു. അൻപത് രൂപ മുതൽ അഞ്ചൂറ് രൂപ വരെ വരുന്ന നിലവിലുള്ള ഫീസ് നിരക്കുകൾ 2013-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ആക്റ്റ് (2013-ലെ 32) പ്രകാരം 2013 ഒക്ടോബർ 18-ാം തീയതി പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. 2023-24-ലെ ബജറ്റ് പ്രസംഗത്തിലെ 557-ാം ഖണ്ഡികയിൽ 2023-24 സാമ്പത്തിക

വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി പ്രസ്തുത ആക്റ്റ് പ്രകാരം ഫയൽ ചെയ്യുന്നതിനായുള്ള വിവിധ രേഖകൾക്ക് കൊടുക്കേണ്ടതായ പരമാവധി ഫീസ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്റ്റിലെ I-ാം പട്ടിക ഭേദഗതി ചെയ്ത്, ഫയൽ ചെയ്യുന്നതിനായുള്ള വിവിധ രേഖകൾക്ക് കൊടുക്കേണ്ടതായ പരമാവധി ഫീസ് അഞ്ഞൂറ് രൂപ മുതൽ രണ്ടായിരം രൂപ വരെയായി വർദ്ധിപ്പിക്കുന്നതിനുള്ളതാണ് ഇപ്പോഴത്തെ നിർദ്ദേശം.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. എൻ. വാസവൻ.

(ശരിത്തർജ്ജമ)

# 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1932-ലെ 9-ാം കേന്ദ്ര ആക്റ്റ്

** ** ** **

"പട്ടിക I

പരമാവധി ഫീസ്

[71-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കാണുക]

| ഫീസ് കൊടുക്കേണ്ടത് ഏതു രേഖയേയോ കൃത്യത്തേയോ സംബന്ധിച്ചാണെന്ന് | പരമാവധി ഫീസ് |
|---|---|
| (1) | (2) |
| 58-ാം വകുപ്പിൻ കീഴിലുള്ള പ്രസ്താവന | അഞ്ഞൂറ് രൂപ |
| 60-ാം വകുപ്പിൻ കീഴിലുള്ള പ്രസ്താവന | ഇരുന്നൂറ് രൂപ |
| 61-ാം വകുപ്പിൻ കീഴിലുള്ള അറിയിപ്പ് | ഇരുന്നൂറ് രൂപ |
| 62-ാം വകുപ്പിൻ കീഴിലുള്ള അറിയിപ്പ് | ഇരുന്നൂറ് രൂപ |
| 63-ാം വകുപ്പിൻ കീഴിലുള്ള നോട്ടീസ് | ഇരുന്നൂറ് രൂപ |
| 64-ാം വകുപ്പിൻ കീഴിലുള്ള അപേക്ഷ | ഇരുന്നൂറ് രൂപ |
| 66-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഫേമുകളുടെ രജിസ്റ്ററിന്റെ പരിശോധനയ്ക്ക് | രജിസ്റ്ററിന്റെ ഒരു വാല്യം പരിശോധിക്കുന്നതിന് അൻപത് രൂപ |
| 66-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു ഫേമിനെ സംബന്ധിക്കുന്ന രേഖകളുടെ പരിശോധനയ്ക്ക് | ഒരു ഫേമിനെ സംബന്ധിക്കുന്ന എല്ലാ രേഖകളും പരിശോധിക്കുന്നതിന് നൂറ് രൂപ |
| ഫേമുകളുടെ രജിസ്റ്ററിൽ നിന്നുള്ള പകർപ്പുകൾ | ഓരോ നൂറ് വാക്കുകൾക്കോ അതിന്റെ ഭാഗത്തിനോ നൂറ് രൂപ." |

** ** ** **